ലക്ഷ്യത്തോടെയാണ് പുതിയ സബ് സ്റ്റേഷനുകൾ സ്ഥാപിച്ചുകൊണ്ടുള്ള നടപടിയിലേയ്ക്ക് പ്രവേശിച്ചിട്ടുള്ളത്. മോഷണം തടയുവാൻ ഇപ്പോൾ നിലവിൽ Anti-Power Theft Squad - ഉണ്ട്. അതു കുറച്ചു കൂടി ഫലപ്രദമായി വർക്കുചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നതാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ 34.

പട്ടികവർഗ്ഗ-ഗോത്രവർഗ്ഗക്കാരുടെ സാംസ്കാരിക തനിമ പരിരക്ഷിക്കുന്ന പദ്ധതി

4 (*34) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനപ്രദേശങ്ങളിലും മറ്റും കൂട്ടംകൂട്ടമായി വസിക്കുന്ന പട്ടികവർഗ്ഗ-ഗോത്ര വർഗ്ഗക്കാരുടെ സാംസ്കാരിക തനിമകളും പാരമ്പര്യ അവകാശങ്ങളും സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികൾക്ക് രൂപം നൽകി പ്രാവർത്തിക മാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പു മന്ത്രി (ശ്രീ. കെ. രാധകൃഷ്ണൻ) :

സർ, (എ) ഉണ്ട്.

(ബി) പട്ടികവർഗ്ഗ-ഗോത്രവർഗ്ഗക്കാരുടെ സാംസ്കാരിക പൈതൃകങ്ങളെ സംരക്ഷിക്കുന്നതിന് കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് ആദികലാഗ്രാമം ആരംഭിച്ചിട്ടുണ്ട്. അവരുടെ സാങ്കേതിക വിദ്യകൾ പാരമ്പര്യമായ അറിവുകൾ മുതലായവ പ്രതിഫലിക്കുന്ന വസ്തുക്കൾ പ്രദർശിപ്പിക്കുന്ന ഒരു മ്യൂസിയവും കോഴിക്കോട് സ്ഥാപിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ ചികിത്സാ രീതികൾ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി വയനാട്ടിലെ വാളാട്ടിലും തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട്ടും ട്രൈബൽ മെഡിക്കൽ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : അങ്ങയുടെ മറുപടിയിൽ പട്ടികവർഗ്ഗ-ഗോത്രക്കാരുടെ സാംസ്കാരിക പൈതൃകങ്ങളെ സംരക്ഷിക്കുന്നതിന് കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് ആദികലാഗ്രാമം ആരംഭിച്ചട്ടുണ്ടെന്ന് പറഞ്ഞു. ഈ ആദികലാഗ്രാമത്തിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ?

ശ്രീ .കെ. രാധാകൃഷ്ണൻ : ആദിവാസികളുടെ പരമ്പരാഗതമായിട്ടുള്ള വസ്തുക്കളെല്ലാം പ്രദർശിപ്പിക്കുവാനും അവരുടെ കലാപരമായിട്ടുള്ള കഴിവുകളെ പ്രോത്സാഹിപ്പിക്കുവാനും ഒക്കെയുള്ള നടപടികൾ അവിടെ നടത്തുന്നുണ്ട്. അതിന്റെ പ്രവർത്തനം കാര്യക്ഷമമായിട്ട് നടപ്പാക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ ചികിത്സാ രീതികൾ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി നെടുമങ്ങാട്ടും വയനാട്ടിലും ട്രൈബൽ മെഡിക്കൽ സെന്റർ ആരംഭിച്ചിട്ടുണ്ടെന്ന് പറഞ്ഞു. ട്രൈബൽ മെഡിക്കൽ സെന്റർ എന്നാൽ ആയൂർവേദ ആശുപത്രി എന്നാണോ മനസ്സിലാക്കേണ്ടത്. അതോ മറ്റെന്തെങ്കിലും ചികിത്സാ രീതികൾ, ആയൂർവേദം, അലോപ്പതി അങ്ങനെയല്ലാതെ വേറെ ചികിത്സാ രീതികളുണ്ടോ ?

ശ്രീ.കെ. രാധാകൃഷ്ണൻ : ആദിവാസികളുടെ പാരമ്പര്യമായ വൈദ്യമാണ് പരിശീലനം കൊടുക്കുന്നത്. ആയൂർവേദം അലോപ്പതി പോലെയുള്ളതല്ല. ആദിവാസികളുടെ തനതായിട്ടുള്ള ട്രൈബൽ മെഡിസിനാണ്. അതിനെ സംബന്ധിച്ച് പരിശീലനം കൊടുക്കുകയും അവർക്ക് വേണ്ട ചികിത്സ നൽകുകയും ചെയ്യുന്ന കേന്ദ്രങ്ങളാണ്.

ശ്രീ. ജോസ് ബേബി : സംസ്ഥാനത്ത് പട്ടിക വർഗ്ഗഗോത്ര വർഗ്ഗക്കാരുടെ സാംസ്കാരിക തനിമ പരിരക്ഷിക്കുന്ന പദ്ധതിയനുസരിച്ച് സാംസ്കാരിക തനിമ നിലനിർത്തുന്നതിന്റെ ഭാഗമായി നമ്മുടെ നാട്ടിൽ രണ്ട് ചിന്താഗതിയുണ്ട്. ഒന്ന്, ആദിവാസികളുടെ സാംസ്കാരിക തനിമ നിലനിർത്താൻ വേണ്ടി അവരെ സംരക്ഷിക്കുന്നു എന്നുപറയുകയും ചെയ്യാം. അവർക്ക് എന്തെങ്കിലും പുരോഗമനപരമായ ഡെവലപ്പ്മെന്റിനു വേണ്ടി വീട് മറ്റ് കാര്യങ്ങളൊക്കെ ചെയ്തു കൊടുത്ത് അവർ കാട്ടിലുള്ളവരല്ല എന്നുള്ള രീതിയിലുള്ള വിവാദങ്ങളുമുണ്ട്. ഈ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് സാംസ്കാരിക തനിമ നിലനിർത്താൻ വേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? അങ്ങനെ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആ കാര്യം വ്യക്തമാക്കാമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : ആദിവാസികളുടെ തനിമ സംരക്ഷിക്കുക എന്നുപറഞ്ഞാൽ അവരെ എല്ലാപേർക്കും കാണിക്കുവാൻ വേണ്ടിയുള്ള പ്രദർശന വസ്തുമാക്കി മാറ്റുക എന്നുള്ള ലക്ഷ്യമല്ല ഗവൺമെന്റിന്റേത്. അവരുടെ വളർച്ചയ്ക്ക് ഉതകുന്ന രീതിയിൽ അവരുടെ തനിമ നിലനിർത്തണം എന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഷോകേസിൽ വയ്ക്കേണ്ട ആളുകൾ എന്ന ധാരണയ്ക്ക് മാറ്റം വരുത്താനാണ് പറഞ്ഞത്.

ശ്രീ. ജോസ് ബേബി : നമ്മുടെ സംസ്ഥാനത്ത്, ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ ആദിവാസി വൈദ്യന്മാരിൽ നിന്നാണ് ചികിത്സ തുടങ്ങിയത് എന്നാണ് ഞാൻ മനസിലാക്കിയത്. ആദിവാസി ചികിത്സ പാരമ്പര്യ വൈദ്യമായി ഇന്ന് കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും അറിയപ്പെടുന്നുണ്ട്. പ്രത്യേകിച്ച് അട്ടപ്പാടിയിലും വയനാട്ടിലും കേരളത്തിലെ ഗോത്ര വർഗ്ഗക്കാരുടെ ഇടയിൽ മിടുക്കരായ വൈദ്യന്മാരുണ്ട് എന്നാണ്. ഇവർക്ക് പ്രത്യേകമായ ചികിത്സാ കേന്ദ്രം എന്ന നിലയ്ക്ക് പാരമ്പര്യ വൈദ്യന്മാരുടെ ഒരു പ്രത്യേക ആശുപത്രിയോ അതുപോലുള്ള കേന്ദ്രമോ സ്ഥാപിക്കുവാൻ സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ അത് അട്ടപ്പാടിയിൽ തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : ആദിവാസികൾക്ക് പ്രത്യേകമായി ചികിത്സാ കേന്ദ്രം ആരംഭിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ഈ സഭയിൽ ആർക്കെങ്കിലും വിദ്ഗദ്ധമായിട്ടുള്ള ചികിത്സ വേണമെങ്കിൽ അവർ സമീപിച്ചാൽ അതിനുള്ള ഏർപ്പാട് ചെയ്യുന്നതാണ്.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : സർ, പട്ടികവർഗ്ഗ-ഗോത്രക്കരുടെ സാംസ്കാരിക തനിമ പരിരക്ഷിക്കുന്നതാണ് ചോദ്യം. ഉത്തര മലബാറിലെ തനത് അനുഷ്ഠാന കലയാണ് തെയ്യം. ഈ തെയ്യം കളിയെ പരിപോഷിപ്പിക്കുവാൻ ഇപ്പോൾ നമുക്ക് സംവിധാനങ്ങൾ ഒന്നുമില്ല. അതുകൊണ്ട് ഒരു പ്രത്യേക അക്കാഡമി രൂപീകരിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : തെയ്യം കളിയെ പരിപോഷിപ്പിക്കുവാൻ കഴിയുന്ന രീതിയിൽ സഹായം ചെയ്ത് കൊടുക്കുന്നുണ്ട്. കഴിഞ്ഞ വർഷം 10 ദിവസം നീണ്ടുനിന്ന തെയ്യം പരിശീലന പരിപാടികൾ നടത്തുകയുണ്ടായി. തെയ്യത്തെ പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ള സമീപനങ്ങൾ സ്വീകരിക്കാം. അക്കാഡമിയും യൂണിവേഴ്സിറ്റിയുമൊന്നും സ്ഥാപിക്കുവാൻ കഴിയുകയില്ല.

ശ്രീ. എം. നാരായൺ (ഹോസ്ദുർഗ്ഗ്) : തെയ്യം കലയെ പരിപോഷിപ്പിക്കണമെന്ന് പറഞ്ഞത് മറ്റൊന്നും കൊണ്ടല്ല. വർഷങ്ങൾക്ക് മുമ്പ് സാംസ്കാരിക രംഗത്ത് വളരെ മുൻനിരയിൽ തന്നെ നിന്നിരുന്നു ഉത്തര മലബാർ തെയ്യം കല. തെക്കൻ ജില്ലകളിൽ പൊട്ടൻ തെയ്യം ഉണ്ട്. നമ്മുടെ സമൂഹത്തിൽ ജാതി ചിന്താഗതികൾ നിലനിൽക്കുമ്പോഴും അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നിലനിൽക്കുമ്പോഴും അതിന് എതിരായി പൊട്ടൻ തെയ്യം സ്വന്തം ശൈലിയിലൂടെ പറഞ്ഞത്. " ഞങ്ങളെ കൊത്തിയാലും ചോര അല്ലേ ചൊവ്വരേ, നിങ്ങളെ കൊത്തിയാലും ചോര അല്ലേ ചൊവ്വരേ എന്നാണ്". പ്രത്യേകിച്ച് പട്ടികജാതി, പട്ടികവർഗ്ഗത്തിൽ നിലനിന്നിരുന്ന ജാതി ചിന്തകൾക്ക് എതിരായി ഏറെ ഗുണം ചെയ്തിട്ടുണ്ട് എന്നതുകൊണ്ടാണ് ഞാൻ തെയ്യം കല പരിപോഷിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് ചോദിച്ചത്.

ശ്രീ. കെ. രാധാകൃഷ്ണൻ : തെയ്യം കളി ആദിവാസികളുടെ ഒരു കലാ രൂപമാണെന്ന് എനിക്കു തോന്നുന്നില്ല. അതു പട്ടികജാതിക്കാരുടെയും പിന്നോക്ക വിഭാഗങ്ങളുടെയും ഇടയിലുമുള്ള ഒരു കലാരൂപമാണ്.

ശ്രീമതി ആർ. ലതാദേവി : ഇപ്പോൾ ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും പട്ടികവർഗ്ഗ കലാമേളകൾ വിപുലമായ രീതിയിൽ സംഘടിപ്പിക്കപ്പെടുന്നുണ്ട്. ഈ മേളകളിൽ ഒന്നാം സ്ഥാനത്തെത്തുന്ന വ്യക്തികൾക്ക് തുടർന്നു പഠിക്കുന്നതിനും ജോലി കിട്ടാനുള്ള സന്ദർഭത്തിലും പ്രത്യേക പരിഗണന കൊടുക്കുന്നതിന് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : കായികതാരങ്ങൾക്ക് കിട്ടുന്ന എല്ലാ പരിഗണനയും കായികരംഗത്തുള്ള ആളുകൾക്ക് ലഭിക്കുന്നുണ്ട്. കലാരംഗത്ത് പ്രവർത്തിക്കുന്ന ആളുകൾക്ക് പ്രത്യേക പരിഗണന കൊടുക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. ആലോചിക്കാവുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച ധവള പത്രം

5 (*35) ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. എ. ദാസൻ :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ഭാഗമായി എന്തൊക്കെ നടപടി ഇതിനകം സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(സി) ധവളപത്രത്തിൽ എന്തൊക്കെ വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) വാട്ടർ അതോറിറ്റിയുടെ പദ്ധതി നടപ്പാക്കാനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി സുഗമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എപ്രകാരമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഭൂമി ഏറ്റെടുക്കൽ നടപടി സുഗമമാക്കാൻ നിയമനിർമ്മാണം ആവശ്യമെന്നു കരുതുന്നുണ്ടോ ;

(എഫ്) ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ അതോറിറ്റിയുടെ നിർദ്ദിഷ്ട ധവളപത്രത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly